പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **4729** **05. 02. 2014** - ലെ മറുപടി

<u>നിതാഖത്ത് നിയമപ്രകാരം തിരികെയെത്തിയ മലയാളികൾ</u>

<u>ചോദ്യം</u>

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>

നിതാഖത്ത് നിയമപ്രകാരം ജോലി നഷ്ടപ്പെട്ട് തിരികെയെത്തിയ മലയാളിക്ക് ജോലി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; നിലവിൽ ഇവർക്കായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

<u>ശ്രീ. കെ. സി. ജോസഫ്</u>

*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

നിതാഖത്ത് നിയമപ്രകാരം ജോലി നഷ്ടപ്പെട്ട് തിരികെയെത്തിയ മലയാളികൾക്ക് ജോലി നൽകുന്ന കാര്യം സർക്കാർ പരിഗണനയിലില്ല. എന്നാൽ വിദേശ രാജ്യങ്ങളിൽ നിന്നും തിരികെയെത്തിയ മലയാളികളുടെ പുനരധിവാസത്തിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന ഒരു സ്വയംതൊഴിൽ പദ്ധതിയും കൂടാതെ നിതാഖത്ത് പോലുള്ള സ്വദേശിവത്കരണ നയം മൂലം കൂടുതൽ പ്രവാസികൾ മടങ്ങിവരേണ്ടിവരുമെന്ന സാഹചര്യം കണക്കിലെടുത്ത് അവരുടെ പുനരധിവാസത്തിനായി ഒരു സമഗ്ര പുനരധിവാസ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലേക്കായി ബഡ്ജറ്റിൽ 50 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്.

തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബാങ്കുകളിലൂടെയും ധനകാര്യ സ്ഥാപനങ്ങളിലൂടെയും വായ്പ ലഭ്യമാക്കുന്നതിനും ഇത്തരത്തിൽ ലഭ്യമാക്കുന്ന വായ്പകൾക്ക് 10% മൂലധന സബ്സിഡി നൽകുന്നതിനും(പരമാവധി രണ്ട് ലക്ഷം രൂപ) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് വ്യവസ്ഥ ചെയ്യുന്നു. സമഗ്ര പുനരധിവാസ പദ്ധതിയിൽ താഴെപ്പറയുന്ന അഞ്ച് ഘടകങ്ങളാണുള്ളത്.

1. തിരികെയെത്തിയ പ്രവാസികളെ വിദേശരാജ്യങ്ങളി ലേക്ക് തന്നെ തൊഴിലിനായി മടക്കി അയക്കുക.
2. ആഭ്യന്തര തൊഴിൽ മേഖലയിലേക്ക് പ്രവാസിക ളുടെ പുനരേകീകരണം
3. സ്വയം സംരംഭക സഹായ പദ്ധതി
4. സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുക
5. സ്വയം തൊഴിൽ / നിക്ഷേപ സംരംഭങ്ങൾ

പിന്നാക്ക സമുദായത്തിൽപ്പെട്ട തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 3% പലിശനിരക്കിൽ പരമാവധി 10 ലക്ഷം രൂപ വായ്പ അനുവദിക്കുന്ന പദ്ധതി പിന്നാക്ക സമുദായ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ